

# സചിന്തനം

# ലിറ്റിൽകൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ

# കല്ലടി ഹൈസ്കൂൾ

## കുമരംപുത്തൂർ

## ഫോൺ നമ്പർ

## 04924 222765


KALLADI HSS
REDMI NOTE 5 PRO
MI DUAL CAMERA



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ: LK/2018/21093
കല്ലടി എച്ച് എസ് കുമരംപുത്തൂർ
പാലക്കാട് ജില്ല
ഫോൺ: 04924 222765

# സ്ഥാപകൻ

## കല്ലടി ചെറിയകുഞ്ഞഹമ്മദ് സാഹിബ്




# മാനേജർ



# കെ.സി.കെ.സെയ്താലി

# പ്രധാന അദ്ധ്യാപകർ

| | |
|---|---|
|  |  |
| സി.എം.ബഷീർ | എൻ.പി.ഷൈലജ |

## ഡെപ്യൂട്ടിഹെഡ്മാസ്റ്റർ

സി.കെ.മുഹമ്മദ്



# ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്



## സലിം മാലിക്.പിഎ



## ജലജ ജോസഫ്

# എഡിറ്റേഴ്സ്



ആദിൽ.എഎ



റിളുവാൻ.പി



നിധിൻ

# ഭാഷാഅദ്ധ്യപകർ

## മലയാളം







കെ.പി.ശശി          നീനപോൾ          വീ.പി.ഗീത

മിനി.എൻ.കെ

## അറബി







ഹാജറ          അബ്ദുറഹിമാൻ          സുബൈർ

# ഹിന്ദി

| | | | |
|---|---|---|---|
|  പ്യാരിജൻ |  ബിന്ദു |  ജോസ് പീറ്റർ |  ഉഷ |

| ഇൻഗ്ലീഷ് | സംസ്കൃതം | ഉറുദു |
|---|---|---|
|  |  |  |
| ജലജ ജോസഫ് | ജയശ്രീ | മിൻസിയ |

# ഗണിതഅദ്ധ്യാപകർ

| | | | |
|---|---|---|---|
|  കോമളം |  ഷാജിനി |  നിഷ |  സബിത |
|  സീനത്ത് |  ജേക്കബ് മത്തായി |  പിഎംഹംസ |   സുധീർ.പി |
|  രാജേഷ് | | | |

# ചരിത്രഅദ്ധ്യാപകർ

| | | | |
|---|---|---|---|
|  സികെ മുഹമ്മദ് |  വിപി സുബൈർ |  കെ ഹരിദാസ് |  വിപി സാജിത |
|  കെടി യൂസഫ് |  നൗഷാദ് എൻഎസ് |  എം കുഞ്ഞയമ്മു |  മാർട്ടിൻ ലൂക്കോസ് |

# ഭൗതികശാസ്ത്രഅദ്ധ്യാപർ

| | | | | |
|---|---|---|---|---|
|  ബുഷറ |  സുബൈദ |  റഷീദ |  സിമ്മി | റുക്കിയ |

# ജീവശാസ്ത്രഅദ്ധ്യാപകർ

| | | | |
|---|---|---|---|
|  ആസ്യ |  സലിംമാലിക്ക് |  രെമ എംസ് |  സുരേഷ് കുമാർ |

# വിവിധമേഖലകളിലെഅദ്ധ്യാപകർ

| കായികം | ചിത്രരചന | പ്രവർത്തിപരിചയം | കമ്പ്യൂട്ടർ |
|---|---|---|---|
|  ജാഫർബാബു |  ഷാജി |  ഇന്ദിര |  ബിജു |

# ഓഫീസ് ജീവനക്കാർ



മുഹമ്മദാലി

| | | | |
|---|---|---|---|
|  മുഹമ്മദ് ഹാരിഫ് |  സജൻ |  സലീം |  വിനോദ് |

# യുവത്വം



**കെ.ഹരിദാസ്**

വിപ്ലവാശയങ്ങൾക്ക് തേരുതെളിച്ചവർ
പുരോഗമനത്തിന്റെ കാവലാളുകൾ
അന്ധവിശ്വാസങ്ങൾക്ക് ചൂടലതീർത്തവർ
കപട സദാചാരങ്ങളെ ചങ്ങലക്കിട്ടവർകാലികപ്രശ്നങ്ങളെ
തൻപ്രശ്നമായിക്കണ്ട് ആവിഷ്കരത്തിന്റെ ചെൻകോലെടുത്തവർ
ജാതി മതത്തിന്റെ വേലികൾക്കപ്പുറംമാനവികതയുടെ സഹ്യാദ്രികണ്ടവർ
പഞ്ചതങ്ങളിൽ ശാസ്ത്രസത്യം തിരഞ്ഞവർ
പുരാണേതിഹാസങ്ങക്ക് ഭാഷ്യം ചമച്ചവർകാരിരുമ്പിൻ മനക്കരുത്തുമായ്
കാലങ്ങൾക്കു മു ൻപേനടന്നവർ
കൂരിരുട്ടിൽ പ്രത്യാരതൻ നറുവെളിച്ചം നീട്ടിയോർ അന്തപുരങ്ങളെ
അസ്പൃശ്യമാക്കിയോർ
വൃദ്ധസദനങ്ങളിൽ വിലക്കണിയിച്ചവർ
ആൾദൈവങ്ങൾക്ക് അന്ത്യക്രൂദാശ പാടിയവർ
ആരാരുമില്ലാത്തോക്ക് അദയമേകുവാനായ്
അന്തപുരങ്ങളെ അസ്പൃശ്യമാക്കിയോർ
കാലം മാറി കഥമാറി കോലം കെട്ട പോലെയായി
കോലവും കെട്ടിയാടുന്ന ഒരു കോമാളിയായി
ആദർശങ്ങളില്ലാതെ അതിർവരകളില്ലാതെ
ആക്കും മെരുക്കാവുന്നൊരടിമയായി വൊറുമെരടിമ
ഫേസ്ബുക്കിലും വാട്സപ്പിലും അടയിരുന്ന്
ലൈക്കുകളും കമന്റുകളും അടവെച്ചു വിരിയക്കുന്നു
വെറുമൊരു പൊരുന്നകോഴിയായ് നീആക്കുംകശാപ്പിന്പാകമാകുന്ന കുക്കടം



# ടിക് ടോക് - സ്റ്റാറ്റസ്



നിതിൻ.സി.കെ

ആദിൽ.എ.എ

“എടാ ഞാൻ ഇന്ന് ഒരു മാസ് ടിക് ടോക് ചെയ്തു ഇത് ഇന്ന് സ്റ്റാറ്റസ് വെച്ചാ പൊളിക്കും.”

ടിക് ടോകും സ്റ്റാറ്റസും ഈ രണ്ടും ഇന്ന് നമുക്ക് ഏറെ സുപരിചിതമാണ്."ഞാൻ ഇതുവരേ ടിക് ടോക് ചെയ്തിട്ടില്ലാ അല്ലെങ്കിൽ എന്റെ സ്റ്റാറ്റസ മിനിമം 10,20 പേരെങ്കിലും കാണുമായിരുന്നു.”ഇങ്ങനെ ആരും പറയാൻ ആഗ്രഹിക്കുന്നില്ല, കാരണം ഇന്ന് എല്ലാവരുടേയും ജീവൻ ടിക് ടോകും സ്റ്റാറ്റസും ആണ്.

ടിക് ടോക് എന്ന ആപ്പ് ഇല്ലാത്ത ഫോണുകൾ വെറും ചുരുക്കം.കുട്ടികളും ചെറുപ്പകാരും മുതിർന്നവരും ഒരുപോലെ സന്തോഷിക്കുകയും ആഹ്ലാധിക്കുകയും ചെയ്യുന്നത് ടിക് ടോകിലാണ്.ലോകത്തിന്റെ ഒരു മൂലയിൽ അല്ലെങ്കിൽ ഒരു മുറിയുടെ ഉള്ളിൽ നിന്ന് ചെയ്യുന്ന ചേഷ്ടകൾമറുലോകം കാണുകയും 'ലൈക്ക്" ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെയാണ് ഇപ്പോൾ നമ്മൾ സന്തോഷം കണ്ടെത്തുന്നത്.ഇന്ന് നമ്മൾ വെറും ഒരു ടിക് ടോക് ആപ്പ്ൽ മാത്രം

ഒതുങ്ങികുടിയിരിക്കുന്നു.ടിക് ടോക് ചെയ്ത് ഫേമസ് ആവുക എന്നതായിരിക്കുന്നു ഇന്നത്തെ മനുഷ്യരുടെ ലക്ഷ്യം.

“നമ്മുടെ ജീവിതം, നമ്മൾ അതിലാണ് സന്തോഷം കണ്ടെത്തുന്നത്.”

അടുത്തതാണ് സ്റ്റാറ്റസ്, വാട്സപിൽ സ്റ്റാറ്റസ് എന്നൊരു കാര്യം വന്നില്ലായിരുന്നെങ്കിൽ പിന്നെ എന്തിനാണ് വാട്സപ്?

ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുന്നു നമ്മൾ ഓരോരുത്തരുംകാരണം ചിരിക്കുന്നതും കരയുന്നതും കളിക്കുന്നതും ഉറങ്ങുന്നതും കഴിക്കുന്നതും എല്ലാം സ്റ്റാറ്റസായി മാറിയിരിക്കുന്നു. പ്രഭാതം മുതൽ രാത്രിവരെയുള്ള കാര്യങ്ങൾ സ്റ്റാറ്റസായി വെക്കലാണ് പ്രധാന ലക്ഷ്യം.സ്റ്റാറ്റസിലൂടെ നമ്മുടെ സുഹൃത്തിന്റെ എല്ലാ വിവരങ്ങളും നമ്മൾ അറിയുന്നു . വാട്സപ്പെടുത്താൽ ആദ്യം നോക്കുന്നത് സ്റ്റാറ്സാകുന്നു.അതുപോലെ തന്നെ നമ്മൾ ഒരു സ്റ്റാറ്റസ് വെച്ചാൽ അത് എത്രപേർ നോക്കി എന്ന് ഇടക്കിടക്ക് ചെക്ക് ചെയ്യുന്നു.സ്റ്റാറ്റസ് വെക്കാൻ വേണ്ടി മാത്രം ചിത്രങ്ങൾ എടുക്കുനനവർ ഓരോ ദിവസവും ഓരോ സ്റ്റാറ്റസ് എങ്കിലും വെച്ചിരിക്കും. അത്രത്തോളം നമ്മൾ അതിന് അഡിക്റ്റായി.


**എന്തായാലും ടിക് ടോകും സ്റ്റാറ്റസും നമ്മുടെ ജീവിതത്തിൽ തരംഗമായി കഴിഞ്ഞിരിക്കുന്നു, ഇത് നരഗമാവാതിരിക്കട്ടേ !!!!!!!..........**

# കേരളത്തിലെ വെള്ളപ്പൊക്കം (2018)



മിഥ് ലാജ് 9 എ





2018 ജൂലൈ-ഓഗസ്റ്റിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.ശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നതോടെ അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നുവിട്ടതാണ് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിക്കുവാൻ പ്രധാന കാരണമായതെന്ന ആരോപണം ഉയരുന്നുണ്ട്. എന്നാൽ കേന്ദ്ര ജല ക്കമ്മീഷന്റെ റിപ്പോർട്ട് വന്നതോടെ ആരോപണങ്ങൾ ശരിയല്ലെന്ന് തെളിഞ്ഞു. കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയെത്തിയതിൽ ഒരു ഭാഗം മാത്രമാണ് പുറത്തേക്ക് തുറന്ന് വിട്ടത്. ഒരു ഭാഗം ജലം ഡാമിൽ തന്നെ പിടിച്ചു നിർത്തുകയും അത്രത്തോളം പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കാനും സഹായകരമായി എന്നാണ് കേന്ദ്ര ജല കമ്മീഷന്റെ കണ്ടെത്തൽ.

അന്തർ സംസ്ഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായ്മ, ഒട്ടനവധി മേഘവിസ്ഫോടനങ്ങൾ അന്തരീക്ഷത്തിലെ ന്യൂനമർദം എന്നിവയും ഈ പ്രളയത്തിന്റെ കാരണങ്ങളിൽ ചിലതുമാത്രമാണ്. ഭൂപ്രകൃതിപരമായി നിരവധി പ്രത്യേകതകളുള്ള കേരള സംസ്ഥാനത്തിന് ഈ മഹാപ്രളയം മോശമായി ബാധിച്ചു.

കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണെങ്കിൽ ദേശീയ ജനസാന്ദ്രത വെറും 382 ആണ്.

അതുപോലെ തന്നെ കേരളത്തിന്റെ ഏകദേശം പത്ത് ശതമാനം പ്രദേശങ്ങളെങ്കിലും സമുദ്രനിരപ്പിനു താഴെ സ്ഥിതിചെയ്യുന്നതിനോടൊപ്പം 41 നദികൾ അറബിക്കടലിലേയ്ക്കു പതിക്കുന്നവയുമാണ്. ഈ നദികളിലെല്ലാംകൂടി ഏകദേശം 54 ജലസംഭരണികളെങ്കിലും നിലനിൽക്കുന്നുണ്ട്. നിലയ്ക്കാതെ പെയ്ത മഴവെള്ളത്തെ ഉൾക്കൊള്ളുവാൻ ഈ നദികൾക്കോ ജലസംഭരണികൾക്കോ സാധിച്ചില്ല. ശാന്തസമുദ്രത്തിൽ രൂപപ്പെട്ട ഷൻഷൻ, യാഗി എന്നീ ചുഴലിക്കാറ്റുകളും കേരളത്തിലെ കനത്തമഴയെ സ്വാധീനിച്ചിരുന്നുവെന്ന് കാലാവസ്ഥാ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഈ പ്രകൃതിദുരന്തം പരിസ്ഥിത ശാസ്ത്രജ്ഞൻ പ്രൊഫസർ മാധവ് ഗഡ്ഗിലിനേയും അദ്ദേഹത്തിൻറെ ഗാഡ്ഗിൽ റിപ്പോർട്ടിനേയും വീണ്ടും ജനശ്രദ്ധയിലെത്തിച്ചു. പാരിസ്ഥിതിക നാശം മൂലമുണ്ടാവുന്ന വിശക്കുന്ന ജല പ്രതിഭാസം കൂടി പ്രളയകാരണങ്ങളിൽപ്പെടുത്താവുന്നതാണ്.



2018 ലെ പ്രളയകാലത്ത് ചെറുതോണി അണക്കെട്ടിലെ 5 ഷട്ടറുകളും ചരിത്രത്തിൽ ആദ്യമായി തുറന്നപ്പോഴുള്ള ദൃശ്യം.

ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നിട്ടും ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പെരിയാറിന്റെ തീരങ്ങളെയും കൊച്ചിനഗരത്തിന്റെ ഭാഗങ്ങളെയും പൂർണ്ണമായി ജലത്തിനടിയിലാക്കിയത് എന്നാരോപണമുണ്ട്. മുല്ലപ്പെരിയാർ, ഇടുക്കിഒഴികെയുള്ള അണക്കെട്ടുകൾ തുറക്കാൻ ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ മേധാവിയായ കലക്ടറുടെ അനുമതി ആവശ്യമാണ്. അണക്കെട്ടിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ നിലവിലെ അവസ്ഥയും ആവശ്യവും അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സാധാരണയായി കളക്ടർ അണക്കെട്ട് തുറക്കാൻ അനുമതി നൽകുന്നത്. വൈദ്യുതി, ജലസേചന വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളുടെ ചുമതല അസി. എക്സി. എൻജിനീയർ, എക്സി. എൻജിനീയർ എന്നിവർക്കാണ്.

തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള അപ്പർ ഷോളയാർ, പറമ്പിക്കുളം ഡാമുകളിലെ ഷട്ടർ തുറക്കുന്ന വിവരം യഥാസമയം കേരളം അറിയാതെ പോയതും വെള്ളപ്പൊക്കത്തിന്റെ ആഘാതം കൂടാൻ മറ്റൊരു കാരണമായി.ഡാം തുറക്കുന്നതിന് ഏതാനും മണിക്കൂർ മുൻപു മാത്രമാണ തമിഴ്നാട് വിവരം പുറത്തുവിട്ടത്.

ബാണാസുരസാഗർ അണക്കെട്ട് മണ്ണ് കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. അതിനാൽ പരമാവധി ജലനിരപ്പിൽ നിന്നും ഒട്ടും തന്നെ ജലം ഡാമിൽ നിർത്താൻ സാധ്യമല്ല. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 2018 ജൂലൈ 15 ന് ഡാം തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കിയിരുന്നു.ഇതിനായുള്ള മുന്നറിയിപ്പുകൾ യഥാസമയം ജില്ലാ ഭരണാധികാരികൾക്ക് നൽകിയിരുന്നു. അത് ആഗസ്റ്റ് 5 വരെ തുടർന്നു.

ആഗസ്റ്റ് 6 ന് ഉണ്ടായ അതിശക്തമായ മഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 7 ന് വീണ്ടും ബാണാസുര സാഗർ അണക്കെട്ട് തുറന്നു. ഇതിനും ജില്ലാ ഭരണാധികാരിക്ക് അടിയന്തിര അറിയിപ്പ് നൽകിയിരുന്നു. അറിയാതെയാണ് ബാണാസുരയുടെ അണക്കെട്ടുകൾ അധികൃതർ തുറന്നുവിട്ടത് എന്ന ആരോപണം ശരിയല്ല.വെള്ളം തുറന്നു വിട്ടപ്പോൾ ജലം കുത്തിയൊഴുകി വീടുകൾ തകർന്നും മറ്റും ദുരിതത്തിലായത് ഏഴ് പഞ്ചായത്തിൽ ഉള്ളവരാണ്.

കേരളത്തിൽ 2018 ൽ ഉണ്ടായ മഹാപ്രളയത്തിന് കാരണം അണക്കെട്ടുകൾ തുറന്നത് കൊണ്ടല്ല എന്നും മറിച്ച് കേരളത്തിൽ പെയ്ത അതി തീവ്ര മഴയുടെ ഭാഗമായി അണക്കെട്ടുകളിൽ ഒഴുകി വന്ന ജലത്തിന്റെ ഒരു ഭാഗം മാത്രമേ തുറന്നു വിട്ടിട്ടുള്ളു എന്നും കേന്ദ്ര ജല കമ്മീഷൻ അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഡാമുകൾ തുറന്ന് വിട്ടതാണ് കേരളത്തിലുണ്ടായ പ്രളയത്തിന് കാരണമെന്ന അബദ്ധജടിലമായ ആരോപണങ്ങളുടെ മുനയൊടിക്കുന്നതാണ് കേന്ദ്ര ജല ക്കമ്മീഷന്റെ റിപ്പോർട്ട്.

കേരളത്തിലെ അണക്കെട്ടുകളുടെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുന്നത് ഡാം സുരക്ഷാ അതോറിറ്റിയാണ്. കേരളത്തിൽ മഹാപ്രളയം വരുത്തിവെച്ചതിൽ ഡാം സുരക്ഷാ അതോറിറ്റിക്കും അധികൃതർക്കും സംബന്ധിച്ച വീഴ്ചകളാണെന്ന ആരോപണം ശക്തമാണ്.



# പാലക്കാട്

അര നൂറ്റാണ്ട് ചരിത്രത്തിനിടയിലെ വലിയ വെള്ളപ്പൊക്കമായിരുന്നു പാലക്കാട് അനുഭവിച്ചത്. മലമ്പുഴ ഡാമിന്റെ ഷട്ടറുകൾ 150 സെന്റിമീറ്ററിൽ നിന്ന് 63 സെന്റിമീറ്ററിലേക്ക് താഴ്ത്തി. പുഴയോരത്തുള്ളവർക്ക് അതീവ ജാഗ്രത നിർദേശം നൽകി. നദികൾ കരകവിഞ്ഞൊഴുകി ശേഖരിപുരം,കൽപ്പാത്തി, കഞ്ചിക്കോട്, പുതുപരിയാരം, മാട്ടുമന്ത തുടങ്ങി ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളെല്ലാം ഇപ്പോഴും വെള്ളത്തിലായി. 21 ദുരിതാശ്വാസ ക്യാമ്പുകളാണ് ജില്ലയിൽ തുടങ്ങിയത്. 2025 പേരെ വിവധ ക്യാമ്പുകളിലായി മാറ്റി പാർപ്പിച്ചു. അഗ്നിശമന സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം സജീവമായിരുന്നു. ഭക്ഷണപ്പൊതി ഉൾപ്പടെ സേനാംഗങ്ങൾ വിതരണം ചെയ്തു. ജില്ലയിൽ അതീവ ജാഗ്രത നിർദേശമായ റെഡ് അലർട് പ്രഖ്യാപിച്ചിരുന്നു.[76]

പ്രളയക്കെടുതിയിൽ നെല്ലിയാമ്പതി പൂർണ്ണമായും ഒറ്റപ്പെട്ടു. വനം വകുപ്പ് ഉദ്യോഗസ്ഥരും തോട്ടം തൊഴിലാളികളും ഉൾപ്പെടെ നിരവധിപ്പേർ കുടുങ്ങി. ഗതാഗതം പൂർണമായും തടസപ്പെട്ടു.

പോത്തുണ്ടി ഡാമിൽ നിന്നും നെല്ലിയാമ്പതി എത്തുന്നത് വരെയുള്ള വഴിയിൽ 74 സ്ഥലങ്ങളിലായി വലിയ മരങ്ങൾ വീണ് റോഡ് തകർന്നു.

പതിനാല് ഇടങ്ങളിൽ മണ്ണ് ഇടിഞ്ഞു ഉരുൾപൊട്ടി. ഹെലികോപ്റ്റർ മാർഗമല്ലാതെ അവിടേക്ക് എത്തിപ്പെടാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ട തോട്ടം തൊഴിലാളികളെ സഹായിക്കാൻ വ്യോമസേന രംഗത്തിറങ്ങി. വൈദ്യസഹായം ആവശ്യമുള്ളവരെ ഹെലികോപ്റ്ററുകളിൽ പാലക്കാട്ടെത്തിച്ചു. നെന്മാറ മുതൽ നെല്ലിയാമ്പതി വരെ ഉരുൾപൊട്ടലിൽ പതിനഞ്ച് കിലോമീറ്റർ റോഡ് തകർന്നു. ചെറുനെല്ലി ആദിവാസി കോളനിക്ക് സമീപമുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ നെല്ലിയാമ്പതിയിലേക്കെത്തുന്ന രണ്ട് പാലങ്ങളും റോഡും പൂർണമായും തകർന്നു



# ലസാഗു , ഉസാഘ പിന്നെ......



രാജേഷ് മഞ്ചീരിത്തൊടി
മണ്ണാർക്കാട്

സംഖ്യകളെപ്പറ്റിയും ചതുഷ്ക്രിയകളെപ്പറ്റിയും പഠിച്ചു കഴിഞ്ഞാൽ പിന്നെ വരുന്ന അടുത്ത മേഖലയാണ് സംഖ്യകളുടെ ല സാ ഗു (LCM), ഉ സാ ഘ (HCF or GCD) എന്നിവ. ചെറിയ ഗുണനവും, ഹരണവും സ്വായത്തമാക്കിയ ആർക്കും ഇവ രും ഒരു പ്രശ്നമാവാൻ ഇടയില്ല. ഇപ്പോൾ നടക്കുന്ന പല മത്സരപരീക്ഷകളിലും ഇവയുമായി ബന്ധപ്പെട്ട ധാരാളം ചോദ്യങ്ങൾ കാണാം. അതുകൊ് തന്നെ ഈ ലളിതമായ ആശയങ്ങളെപ്പറ്റി ഗഹനമായി മനസ്സിലാക്കേത് അത്യാവശ്യമാണ്. അതിനുവേ ി ചില മുന്നറിവുകളിലൂടെ നമുക്ക് സഞ്ചരിക്കാം...

- **ഘടകം (Factor)**

തന്നിട്ടുള്ള സംഖ്യകളെ കൃത്യമായി ഹരിക്കുന്ന (ശിഷ്ടം പൂജ്യം ലഭിക്കുന്ന സംഖ്യയാണ് ഘടകം.

ഉദാ: 6 ന്റെ ഘടകങ്ങളാണ് 1, 2, 3, 6

1 x 6 = 6, 2 x 3 = 6

- **ഗുണിതം (Multiple)**

തന്നിട്ടുള്ള സംഖ്യ കൊ് കൃത്യമായി ഹരിക്കാൻ കഴിയുന്ന സംഖ്യകളെല്ലാം ആ സംഖ്യയുടെ ഗുണിതങ്ങളാകുന്നു.

ഉദാ: 4 ന്റെ ഗുണിതങ്ങളാണ് 4, 8, 12, 16, 20, ......

4 = 4 x 1, 8 = 4 x 2, 12 = 4 x 3, 16 = 4 x 4

- **അഭാജ്യസംഖ്യകളും, ഭാജ്യസംഖ്യകളും (Prime and composite numbers)**

ര് ഘടകങ്ങൾ മാത്രം (ഒന്നും, ആ സംഖ്യയും) ഉള്ള സംഖ്യകളാണ് അഭാജ്യസംഖ്യകൾ (Prime numbers)

ഉദാ: 2, 3, 5, 7, ......

2 = 1 x 2, 3 = 1 x 3, 5 = 1 x 5

രിലധികം ഘടകങ്ങളുള്ള സംഖ്യകളാണ് ഭാജ്യസംഖ്യകൾ (Composite numbers)

ഉദാ: 4, 6, 8, 9, ......

4 = 1 x 4 = 2 x 2

6 = 1 x 6 = 2 x 3

8 = 1 x 8 = 2 x 4

9 = 1 x 9 = 3 x 3

(1, അഭാജ്യസംഖ്യയോ, ഭാജ്യസംഖ്യയോ ആയി കണക്കാക്കപ്പെടുന്നില്ല)

ഇനി നമുക്ക് മുകളിൽ തുടങ്ങിവച്ച ല സാ ഗു (LCM), ഉ സാ ഘ (HCF or GCD) യിലേക്കും കടക്കാം.

<u>**ലഘുതമ സാധാരണ ഗുണിതം (Least Common Multiple - LCM)**</u>

തന്നിരിക്കുന്ന സംഖ്യകൾ കൊ് ഹരിക്കാൻ സാധിക്കുന്ന ഏറ്റവും ചെറിയ സംഖ്യയാണ് അവയുടെ ല സാ ഗു.

ഉദാ: 3, 4 സംഖ്യകളുടെ ല സാ ഗു പരിശോധിക്കാം.

ഗുണിതങ്ങൾ

| | |
|---|---|
| 3 | 4 |
| 3 | 4 |
| 6 | 8 |
| 9 | 12 |
| 12 | 16 |
| 15 | 20 |

∴ 3, 4 എന്നീ സംഖ്യകളുടെ ല സാ ഗു 12.

ല സാ ഗു കുപിടിക്കാൻ പല മാർഗ്ഗങ്ങളും നാം ക്ലാസ്സുകളിൽ കിട്ടു്.

**ഉത്തമ സാധാരണ ഘടകം (Highest Common Factor or Greatest Common Divisor - (HCF or GCD)**

ഒന്നിലധികം സംഖ്യകളുടെ ഉ.സാ.ഘ എന്നാൽ, ആ സംഖ്യകളെ കൃത്യമായി ഹരിക്കാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യ എന്നർത്ഥം.

ഉദാ: 12, 16 എന്നീ സംഖ്യകളുടെ ഉ സാ ഘ എന്ത്?

ഘടകങ്ങൾ

| 12 | 16 |
|---|---|
| 1 | 1 |
| 2 | 2 |
| 3 | 4 |
| 4 | 8 |
| 6 | 16 |
| 12 | |

ഇവിടെ വലിയ ഘടകം 4. ∴ ഉ സാ ഘ = 4.

ല സാ ഗു വിന്റെ കാര്യം പറഞ്ഞപോലെ തന്നെ ഉ സാ ഘ കാണുന്നതിനും പല മാർഗ്ഗങ്ങൾ നാം ക്ലാസ്സുകളിൽ പരിശീലിച്ചിട്ടുാവും.

- ഉ സാ ഘ യുടെ മറ്റുചില സവിശേഷതകൾ കൂടി നമുക്ക് പരിശോധിക്കാം.
    - (0, 0) ന്റെ ഉ സാ ഘ നിർവ്വചിക്കപ്പെട്ടിട്ടില്ല.
    - (x, y) യുടെ ഉ സാ ഘ = (x, y) ന്റെ ഉ സാ ഘ തന്നെയായിരിക്കും $x, y = \neq 0$ )
    - (x, 0) യുടെ ഉ സാ ഘ = (x, 0) ന്റെ ഉ സാ ഘ = കേവല വില $x, |x|, x \neq 0$ ആയിരിക്കും

- (x, y) യുടെ ഉ സാ ഘ = (x, -y) യുടെ ഉ സാ ഘ = (-x, y) യുടെ ഉ സാ ഘ = (-x, -y) യുടെ ഉ സാ ഘ = $|x|,|y|$ യുടെ ഉ സാ ഘ ആയിരിക്കും

ഇവയുടെ എല്ലാം തെളിവുകൾ പരിശോധിക്കുമല്ലോ?
എങ്കിൽ മറ്റൊരു വിശേഷത്തിലേക്ക് കടക്കാം.

$x, y \neq 0, x \leq y$ ആയാൽ

1. $(x, y)$ യുടെ ഉ സാ ഘ = $(y - xk, x)$ ന്റെ ഉ സാ ഘ ആയിരിക്കും
2. $(x, xk)$ യുടെ ഉ സാ ഘ = $|x|$ ആയിരിക്കുകയും ചെയ്യും

ഇവിടെ $k$ എന്നത് ഒരു നിസർഗ്ഗ സംഖ്യ ആയിരിക്കണം.

ഉയർന്ന ക്ലാസ്സുകളിൽ യൂക്ലിഡിന്റെ അൽഗോരിതം പഠിക്കുന്ന സമയത്ത് ഇതിന്റെ തെളിവ് പരിശോധിക്കാവുന്നതേ ഉള്ളൂ.

ഇപ്പോൾ ഒരു ഉദാഹരണം വ്യക്തമാക്കാം.


- $x = 12, y = 32$ എന്ന് കരുതുക (x, y) = (12, 32)
- $\therefore$ ഉ സാ ഘ (12, 32) = ഉ സാ ഘ (32 – 12 x 2, 12)
- ഉ സാ ഘ (8, 12) = ഉ സാ ഘ = (4, 8)
- $¿141 = 4$

? (25, 60) ന്റെ ഉ സാ ഘ കുനോക്കൂ.

ഇനി ല സാ ഗു, ഉ സാ ഘ ഇവയുടെ മറ്റൊരു ബന്ധം കൂടി നമുക്ക് നോക്കാം. നിർദ്ദേശാങ്ക ജ്യാമിതി നമ്മുടെ ക്ലാസ്സുകളിൽ ഇപ്പോൾ പരിചിതമായ ഒരു ഗണിതപഠനമേഖലയായി മാറിക്കഴിഞ്ഞല്ലോ...

അതുകൊ് നിർദ്ദേശാങ്ക ജ്യാമിതി ഉപയോഗിച്ച് മുകളിൽ സൂചിപ്പിച്ച ബന്ധം ഒന്ന് വിശകലനം ചെയ്യാം.

ഉദാഹരണമായി (4, 6) ഇവയുടെ ല സാ ഗു, ഉ സാ ഘ എന്നിവയുടെ ബന്ധം നമുക്ക് പരിശോധിക്കാം.




1. (4, 6) നെ x, y അക്ഷങ്ങൾ ഉപയോഗിച്ച് അടയാളപ്പെടുത്തുക.
2. OA എന്ന രേഖ അടയാളപ്പെടുത്തുക
3. OA എന്ന രേഖ x, y എന്നീ അക്ഷങ്ങൾക്കും അവക്ക് സമാന്തരമായ വരകൾ പരസ്പരം സംഗമിക്കുന്ന ബിന്ദുക്കളിലൂടെയും കടന്നുപോകുന്ന ആകെ ബിന്ദുക്കളുടെ എണ്ണം കാണുക. ഉദാഹരണമായി ഇവിടെ 3.

$\therefore$ ഉ സാ ഘ = 3 – 1 = 2

$\therefore$ (4, 6) യുടെ സാ ഘ = 2

(0, 0) അല്ലാത്ത OA എന്ന രേഖ x, y എന്നീ അക്ഷങ്ങളുടെ പൊതുബിന്ദുക്കളിലൂടെ കടന്നുപോകുന്നവയിൽ ആദ്യത്തേതിന് $A_1$ എന്ന് പേര് നൽകിയാൽ $OPAQ$ എന്ന ചതുരം നിർമ്മിക്കാം. എങ്കിൽ അതിലെ സമചതുരങ്ങളുടെ എണ്ണം നിർണ്ണയിക്കുക.

ല സാ ഗു (4, 6) = ഉ സാ ഘ (4 x 6) x $OPA_1Q$ വിലെ സമചതുരങ്ങളുടെ എണ്ണം = 2 x 6 = 12

രസകരമായ ഇത്തരം കൂടുതൽ ഉദാഹരണങ്ങളിലൂടെ കടന്നുപോകുമല്ലോ... ഇവയുടെ തെളിവുകൾ മറ്റൊരു സന്ദർഭത്തിൽ ചർച്ച ചെയ്യാം.

# എൻറ്റെക്യാൻവാസിൽ നിന്നും.....


## ഷാജി











SHAJI
CHEMMAD




Shaji Chemmad

# നാട്ടുവാഴ സംരക്ഷണം

**രെമ**



സ്കൂൾപരിസരത്ത്നാട്ടുവാഴകളുടെസംരക്ഷണമായി150 വാഴകൾനട്ടുസംരക്ഷിച്ചുവരുന്നു. നാട്ടുപൂവൻ,മൈസൂർപൂവൻ,ഞാലിപൂവൻ,ചാരപൊന്തൻ,പൊന്തൻകായ,റോബസ്റ്റ,നേന്ത്ര,കദളി,കുന്നൻ,എന്നിങ്ങനെ വിവിധ ഇനങ്ങളായ വാഴകളാണ് നട്ടിരിക്കുന്നത്.വാഴകളിൽ ഭൂരിഭാഗവും കുലച്ചിരികുന്നു. ഡിസംബർ 5 ബുധനായ്യ ബ്ലോക് പഞ്ചായത് പ്രസിഡന്റ നെ കൊണ്ട് വിളവെടുപ്പ് ഉൽസവം നടത്താൻ തീരുമാനിച്ചിരിക്കുന്നു.സ്കൂൾ വിദ്യാർത്ഥികളുടെയും അധ്യാപകരെടെയും ശ്രമഫലമായി ഉണ്ടായതാണ് ഈ വാഴക്രഷി തോട്ടം.

# മഹാപ്രളയ കാഴ്ചകൾ

സലിം മാലിക്






















Image – Bashida Tangliang



# പുഞ്ചിരി

ഫാത്തിമ ലിൻഷ 9 ഐ



ചതിക്ക്ക്രൂട്ട്നിൽക്കാൻ പ്രതി പോലീസിന് നൽകിയ നോട്ടുകെട്ടുകളിലെല്ലാം തന്റെ പുഞ്ചിരിക്കുന്ന മുഖം കണ്ട്."അധർമ്മത്തിന്റെ പാതയിലും എന്തിന് എന്നെ നോതാവാക്കുന്നു" എന്ന ആ മനുഷ്യന്റെ വിലാപം 'കാണാൻ' ആരുമുണ്ടായിരുന്നില്ല. ആ മുറിക്കുള്ളിൽ തൂക്കിയ ചില പുഞ്ചിരിക്കുന്ന മുഖങ്ങളല്ലാതേ....



# ആരണ്യദേവാലയം

നൗഷാദ്.എൻ.എസ്



എന്നത്തെയും പോലെ ആറരക്ക് തന്നെ അപ്പൂട്ടൻ എഴുന്നേറ്റു.ആറ് മണിയായാലും നേരംശരിക്കും വെളുത്തട്ടുണ്ടാവില്ല.നേർത്ത ഇരുട്ട് വഴിയിലൂടനീളം പരന്ന്കിടക്കും.വീട്ടിൽ കറക്കുന്ന പാൽ രാവിലെത്തന്നെ കവലയിലുള്ള ചായപ്പീടികയിൽ എത്തിക്കാനുള്ളതിനാൽ എന്നും നേരത്തെ എഴുന്നൽക്കാതെ വെറെ ഗത്യന്തരമില്ല. പല്ല് തേച് മുഖം കഴുകി പാൽപാത്രവുമായി അപ്പൂട്ടൻ നടത്തം തുടങ്ങി.നനുത്ത തണുത്ത കാറ്റ് മേലാകെ തഴുകി കടന്നു പോയ പ്പോൾ കുളിരു കോരിപ്പോയി.നല്ല സുഖമുള്ള ദിനം.പ്രഭാതനടത്തത്തിനായി ശങ്കുണ്ണി അമ്മാവൻ എതിരെ നടന്നുവരുന്നുണ്ട്.

അടുത്തെത്തിയപ്പോൾ അദ്ദേഹം ഉറക്കെചിരിച്ചുകൊണ്ട് പറയുകയാ- കോളടിച്ചല്ലോ-ഇന്നിനി സ്കൂളിൽ പോകേണ്ടല്ലോ-നി അറിഞ്ഞില്ലെ?ഇന്ന് ഹർത്താലാ.ഹ ഹ;ഹർത്താലുള്ള ദിവസം കേരളത്തിലെ മഹാ ജനങ്ങളെ പ്പോലെ അപ്പൂട്ടനും അഹ്ലാദദിനം തന്നെയാണ് .പക്ഷെ ജീവിതത്തിലാദ്യമായി അപ്പൂട്ടൻ ഹർത്താലിനെ വെറുത്തു. ഇന്ന് സ്കൂളിൽ സ്പോർട്സ് ആണ്.

ചെമ്മൺ നിറമുള്ള സ്കൂൾ ഗ്രൗണ്ടിൽ വെള്ള കുമ്മായിപെടിയിട്ട് വൃത്താകാരത്തിലും നേർരേഖയിലുമെല്ലാം ട്രാക്ക് വരക്കാൻ അപുവും തലെന്ന് ഉൽസാഹത്തോടെ പങ്കെടുത്തതാണ് .ഓട്ടത്തിനും ഷോട്ടപുട്ടിനമെല്ലാം പങ്കെടുക്കാൻ അവൻപേര്കൊടുത്തിരുന്നു. ഇനിയെന്തുചെയ്യും. അവൻ ആകെ വിഷണ്ണനായി പ്പോയി.

ചായക്കടയിലെത്തിയപ്പോൾ കൂടിയിരിക്കുന്ന രണ്ടു പേരുടെ സംഭാഷണത്തിൽ നിന്നാണ് ശബരിമലയിലെന്തോ കാര്യത്തിന്റെ പേരിലാണ് ഹർത്താലെന്ന് മനസ്സിലായത്. അപ്പൂട്ടന് കൃത്യമായി പിടികിട്ടിയില്ല.

ഭരണഘടന-സുപ്രിംകോടതി-അചാരലംഘനംയുവതികളെ നടകയറ്ററുത് എന്നൊക്കെ പറയുന്നത് അവൻ കേട്ടെങ്കിലും ഒന്നും മനസ്സിലായില്ല.ചെറുതിന്റെ കാന്റീനിലെ ചൂടുള്ള പൊറൊട്ടയിൽ ഇറച്ചിച്ചാറിന്റെ രുചിയുള്ള ഉള്ളിക്കറി ഒഴിച്ച് തിന്നാൽ ഇന്ന് കഴിയാത്തത് അവന്റെ വിഷമം ഇരട്ടിപ്പിച്ചു. ഒരു ചിത്രശലഭത്തെ പ്പോലെ സ്കൂളിൽ ആകെ പാറിപ്പറന്ന് നടക്കാമായിരുന്നു. എല്ലാം വൃഥാവിലായി.വീട്ടിൽ തിരിച്ചെത്തിയ അപ്പൂട്ടൻ ചിന്താധീനനായി.

സ്കൂൾ ഉള്ള ദിവസം ഒന്നാം പിരിയഡ് മുതൽ തന്നെ ഒരോരുടെയും ശകാരങ്ങളും ഉപദേശങ്ങളും തുടങ്ങും.സോഷ്യൽ സയൻസ് സാർ ആണ് ഒന്നാം പിരിയഡ്.പോത്ത്,കഴുത എന്നീ പ്രയോഗങ്ങൾ സുലഭമായി വിതറും.പിന്നാലെ വരുന്നവരും പ്രയോഗങ്ങൾതുടരും ഒരോ പിരിയടും ഒരോ യുഗങ്ങൾ പോലെ. ബെല്ലടിക്കുമ്പോൾ നരകത്തിൽ നിന്ന്സ്വർഗത്തെത്തിയ പോലെ.ഇംഗ്ലീഷ്, ഹിന്ദി എന്നിവ പത്ത് എത്തിയിട്ടും എഴുതാനുംവായിക്കാനും അറിയാത്തതിൽ വിഷമിച്ചുട്ടെന്തു കാര്യം.

എന്നാൽ മലയാളം എഴുതാൻ അറിയാത്തതിൽ വല്ലാത്ത വിഷമവും ദുഃഖവും ഉണ്ട്.ആയിടക്കാണ് സ്കൂളിൽ മധുരം മലയാളം എന്ന പരിപാടി ആരംഭിച്ചത്.സ്കൂളിന് പുറത്ത് നിന്നുള്ളവരാണ് എഴുത്തും വായനയും അറിയാത്ത കുട്ടികളെ പടിപ്പിക്കാനെത്തിയത്. പടിപ്പിക്കലല്ല, ശരിക്കും പറഞ്ഞാൽ സ്നേഹനിർഭരമായ ഒരു ശ്രമം മാത്രം.

ഞങ്ങൾക്കൊപ്പം നിലത്തരുന്ന്,പാട്ടും പാടി,ഞങ്ങളുടെ ഹൃദയത്തിലേക്ക് അവർ ചേക്കേറി"
ശകാരങ്ങളില്ല,ഉപദേശങ്ങളില്ല.തെറ്റ്,ശരി എന്ന പ്രയോഗം പോലുമില്ല.സ്നേഹം മാത്രം അവരുടെ ഭാഷണങ്ങൾ എത്ര വേഗമാണ് എഴുതാൻ കഴിഞ്ഞത്.പിശകുകൾ തിരുത്തിമുന്നേറാൻഎന്തൊരു ആവേശമായിരുന്നു.മലയാളത്തിളക്കം അവസാനിച്ചപ്പോൾ ഹൃദയം വിങ്ങുകയായിരുന്നു.

ഒരാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും ആ സന്തോഷവാർത്തയെത്തി.സ്കൂളിലെ ടീച്ചർമാർ തന്നെ മലയാളത്തിളക്കം പരിപാടി 8 ദിവസം കൂടി തുടർന്ന് നടത്തും.അക്ഷരങ്ങളെ പൂജിക്കാനും അമ്മാനമാടാനുമുള്ള അവസരങ്ങൾ വീണ്ടുമെത്തുന്നു എന്നത് അപ്പൂട്ടന് വലിയ ഒരു ഉൽസവം വരുന്നത് പോലെയായിരുന്നു.ദിവസങ്ങൾ കടന്നുപോയി.ജീവിത്തതിൽ ആദ്യമായി ടീച്ചർമാർ അവന് "സ്റ്റാർ"അംഗീകാരം നൽകിയപ്പോൾ ലോകത്തിന്റെ നെറുകയിലേക്ക് എത്തിയ ടെൻസിംങ്ങിനേപ്പോലെ അഭിമാനപുളകിതനായി.

ടീച്ചർമാർ എത്ര സ്നേഹത്തോടെയാണ് പെരുമാറിയത്.എത്ര തെറ്റിയാലും ഒരു തരത്തിലുള്ള ചീത്തപറച്ചിലുമില്ല.ക്ഷമയോടെ,ഇഷ്ടത്തോടെ അതെല്ലാം തിരുത്തിത്തരും.എല്ലാഅദ്ധ്യപകരും മലയാളത്തിളക്കം പരിപാടിയിൽ പങ്കെടുത്തിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു.മലയാളത്തിളക്കത്തിന്റെ സമാപന സമ്മേളനത്തിൽ പ്രസംഗിച്ച ഒരു സാർ പറഞ്ഞ കാര്യം"അപ്പൂട്ടന്റെ"ഹൃദയത്തെ വല്ലാതെ സ്പർശിച്ചു."നാം ഈ ലോകത്ത് നിന്ന് കടന്നുപ്പോവുമ്പാൾനമ്മളെ എന്നും ഓർക്കാനായി എന്തെങ്കിലും ചെയ്യാനാവുമോ എന്ന് നാം ആലോചിക്കണം ക്രിയാത്മകമായി പ്രവർത്തിക്കണം.നമ്മുടെ ഒരു കൈയ്യൊപ്പ് നാം ഇവിടെ ചാർത്തിയിരിക്കണം."ഇതായിരുന്നു സാർ പറഞ്ഞത്.

അപ്പുട്ടന്റെ അച്ച്ചനെ കണ്ടത് അവന് ഓർമ്മയില്ല.അമ്മ പലപ്പോഴും ദേഷ്യം വരുമ്പോൾ പറയും ചെക്കന്റെ തലവട്ടം കണ്ടപ്പോഴെ അങ്ങേര് പോയി.ഗുണം പിടിക്കാത്തവൻ എന്നൊക്കെ.സ്വന്തം അച്ഛനെ കാണാൻ കഴിയാതെ പോയ അപ്പുന്റെ മനസ്സിന്റെ വിഷമം അമ്മപോലും മനസ്സിലാക്കിയില്ല.കൂലിപ്പണിയെടുത്ത് തന്നെ പോറ്റുന്ന അമ്മയെ അവൻ ഒരിക്കലും വെറുത്തില്ല.അച്ഛന്റെ സ്വത്ത് വിഹിതമായ 22 സെന്റ് സ്ഥലം ആണ് ഇന്ന് അവരുടെ തുണ.അതിലൊരു ചെറിയ വീടും അപ്പുന് പെട്ടന്ന് ഒരു പുതിയ ആശയം ഉദിച്ചു.

പ്രത്യേകിച്ച് വരുമാനമൊന്നു മില്ലാത്തെ ഈ സ്ഥലത്ത് മനോഹരമായി ചെടികൾ നിറഞ്ഞ ഒരു ഉദ്യാനമാക്കണം.പണ്ടെ അവന് ചെടികളെയും പൂക്കളെയും ഇഷ്ടമായിരുന്നു.വലിച്ചെറിഞ്ഞ പാഴ് വസ്തുക്കളിൽ ചെടികൾ വളർത്തിയാലെന്ന് അവൻ ആലോചിച്ചു.

ഉപയോഗശൂന്യമായ ഷൂസുകൾ,മുളത്തടികൾ,എന്നിവയില്ലാം വിവിധതരം ചെടികൾ വളർത്തി ഭംഗിയായി നിരത്തി. ആദ്യം അമ്മ ശക്തിയായി എതിർത്തെങ്കിലും അവസാനം അവന്റെ നിശ്ചയ ദാർഢ്യത്തിനു മുമ്പിൽ വഴങ്ങി.പതിയെ പതിയെ അവന്റെ കൂട്ടുകാരും നാട്ടുകാരും പാഴ് വസ്തുക്കൾ അവന്റെ വീട്ടിൽ എത്തിക്കാൻ തുടങ്ങി.കുറച്ച് മാസങ്ങൾക്കകം തന്നെ വിവിധതരം സസ്യലതാദികൾ നിറഞ്ഞ,ഔധച്ചെടികൾ നിറഞ്ഞ,അപൂർവ്വ ജനുസ്സിൽ പെട്ട മരങ്ങൾ നിറഞ്ഞപ്രദേശമായിഅവന്റെ22 സെന്റ്സ്ഥലംമാറി.



പരിസ്ഥിതിവാദികൾ,പ്രകൃതിസ്നേഹികൾ,കേട്ടറിഞ്ഞ് വിദൂരത്ത് നിന്ന് വന്നവർ ഇങ്ങനെ നനാതുറയിലുള്ള ജനങ്ങൾ"അപ്പൂട്ടന്റെ"വീട്ടലേക്ക്ഒഴുകിയെത്തി.തലയുയർത്തിനിൽക്കുന്ന മരങ്ങളുടെ തണലും,വളർന്ന് തളിർത്തചെടികളുടെ തണുപ്പും ഇഴ ചേർന്ന അന്തരീക്ഷം വന്നവർക്കെല്ലാം അനന്യമായ ഒരു അനുഭവമായി.വിദ്യാർത്ഥികളുടെ പഠനയാത്ര സംഘങ്ങൾ ജൈവവൈവിദ്യ രീതികളെയും ചെടികളെയും പറ്റി പഠിക്കാൻ എത്തിക്കൊണ്ടിരുന്നു.

10-ക്ലാസ് ഒരുവിധം വിജയിച്ച അപ്പൂട്ടൻ പിന്നീട് തന്റെ വഴി ഇതുതന്നെയെന്ന് ഉറപ്പിച്ചു.കുറച്ച് കാലം കഴിഞ്ഞപ്പോൾ പരിസ്ഥിതി സംരക്ഷണ അവാർഡ് അപ്പൂട്ടനെ തേടിയെത്തി.തുടർന്ന് നിരവധി അവാർഡുകൾ പൗര സ്വികരണങ്ങൾ,ടീവി,മാഗസിനുക്കൾ എന്നിവയിലൂടെ എല്ലാം പ്രശസ്തിയിലെക്ക് ഉയർന്നു. സംസ്ഥാന ഫോറസ്റ്റി ഡിപ്പാർട്ട് മെന്റിന്റെ ട്രെയിനിംഗ് കിട്ടിയ അപ്പൂട്ടൻ ഇന്ന് സൈലന്റ് വാലിയിലെ ഗവൺമെന്റ് ഗസ്റ്റ ് ഹൗസിലെ ഗാർഡനറായി ജോലി ചെയ്യുന്നു.

ഒരോ മരത്തിന്റെയും മൃദുലമായ ഇലകളിൽ സ്പർശിക്കുമ്പോൾ,അവയുടെ തണലിനരികിൽ നിൽക്കുമ്പോൾ,ഇലകളുടെ ഒരോ മർമ്മരത്തിലും അപ്പു ദൈവസ്നേഹം അറിഞ്ഞു.ഈ ലോകത്തിൽ ദൈവസ്നേഹത്തെ അറിയാൻ മരങ്ങൾ ചെടികൾ എന്നിവയെ നെഞ്ചോട് പിടിച്ചാൽ മാത്രം മതി.........



# മറവി

## സലിംമാലിക്




**<u>ഓർമയെന്താണെന്ന് ഞാൻ മറന്നു</u>**

*റെസ്റററൗറെന്റിൽ പോയി ഫുഡ് ഓർഡർ ചെയ്യുമ്പോൾ*
*അമ്മ വിളമ്പിയ സദ്യയുണ്ണുന്ന കാലം ഞാൻ മറന്നു*
*ഫോണിൽ 'ഗെയിംസിന്' അടിമയായപ്പോൾ*
*കണ്ണുപൊത്തിക്കളിയും ഞാൻ മറന്നു*
*പണം  വാരിക്കൂട്ടി 'ഇൻക്രിമെന്റിനു' കാത്തിരിക്കുമ്പോൾ*
*വളർന്നുവന്ന ദരിദ്രവഴികളെല്ലാം ഞാൻ മറന്നു*
*സുഖത്തിനും സന്തോഷത്തിനും പിന്നാലെ അലയുമ്പോൾ*
*ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ആ ബാല്യകാലം ഞാൻ മറന്നു*
*"ഓർമകളുണ്ടായിരിക്കണം എപ്പഴും" എന്ന്*
*ചെറുപ്പത്തിൽ ചൊല്ലിപ്പഠിച്ചതും ഞാൻ മറന്നു*
*കൂട്ടുകാരുമായി കാണിച്ച ലീലകളും*
*വൈകീട്ട് സ്ഥിരം കളിച്ച കാൽപ്പന്ത് കളിയും*
*മാവിൽ കല്ലെറിഞ്ഞു കട്ട് തിന്നുന്ന മാമ്പഴത്തിൻ സ്വാദും*
*ഏഴുനില മാളികമുകളിലിരിക്കവെ ഞാൻ മറന്നു*
*നിഗൂഢ കരങ്ങളുടെ സ്പർശനത്തിൽ*
*പ്രകാശമെന്താണെന്ന് ഞാൻ മറന്നു*
*സ്വീകരണമുറിയിൽ ഇമ്പമേറാൻ പാശ്ചാത്യം പ്രയോഗിക്കുമ്പോൾ*
*എന്റെ നാവിൽ ആദ്യം പൂത്ത മാതൃഭാഷയും ഞാൻ മറന്നു*
*ഈ അനർഘനിമിഷത്തിൽ ഞാൻ തിരിച്ചറിയുന്നു*
*'മറവി' എന്നെ മറയിച്ചുകളഞ്ഞു*
*തിരക്കേറി പാഞ്ഞോടുന്ന ഈ ജീവിതത്തിൽ*
*ഒന്നു പുഞ്ചിരിക്കുവാൻപോലും ഞാൻ മറന്നു*
*മറവി മാത്രമുള്ള ഈ ജീവിതത്തിൽ*
*ഓർമ എന്താണെന്ന് ഞാൻ മറന്നു!!*

# ക്രിക്കറ്റ്


42nd ANNUAL REPORT
and Audited Statement
of Accounts
2017-18
U-15 SCHOOLS KCA CUP
PARTICIPANTS
KALLADI H S S


42nd ANNUAL REPORT
and Audited Statement
of Accounts
2017-18
U-15 SCHOOLS
KCA CUP
Palakkad District Cricket Association


42 ANNUAL REPORT
and Audited Statement
of Accounts
2017-18
School Cricket
2016-17


കല്ലടിയുടേയും
മണ്ണാർക്കാടിന്റേയും അഭിമാനമായ
U-14 കേരളാ
ക്രിക്കറ്റ് ടീം അംഗമായ
ജിഷ്ണുവിന് (8.F)
കല്ലടി സ്കൂളിന്റെ
എല്ലാ ആശംസകളും അഭിനന്ദനങ്ങളും



# ഗൈഡ്സ്












# സ് കൗ ട്ട്



# ലിറ്റിൽകൈറ്റ്സിലെ അംഗങ്ങൾ

| | | | |
|---|---|---|---|
|  ആദിൽ |  അമൽറാഷിദ് |  അസീല |  അയിഷഹാരിഫ് |
|  ബാസിത |  ബിൻസിയ |  ഫാത്തിമഫസ്ന |  ഫാത്തിമഫിദ |
|  ഫത്തിമനാഫിയ |  ഫത്തിമഷബീന |  ഹാഷിറലി |  ഹിബനസ് ല |

| | | | |
|---|---|---|---|
|  മിഥ് ലാജ് |  മുഹമ്മദ്റാഷിൻ |  നാജിയനസ് റി |  നൗഷിദ |
|  റമീസ് യൂസഫ് |  റാനിയഫിറോസ് |  റിദ്വാൻ |  റിൻഷിദ |
|  രോഷ്ന |  ഷംല |  ഷംല.ടിപി |  ശ്രീനന്ദ |

| | | | |
|---|---|---|---|
|  ഷംന.ടിപി |  സ്വാലിഹ |  സുനീഷ് |  നിഷാദ് |
|  വിഷാഖ് |  ആദിലതസ്ലി |  റിയമോൾ |  നസ്മ |
|  സഫീർ |  അനശ്വര |  അതുല്യ |  ദേവിക.പി.<br>യം |
|  ദേവിക.വി |  സഹദ്.സി.ടി |  ഷഹന |  ദിൽഷാദ് |

# നമ്മുടെ അഭിമാനം



**ആരതി ലക്ഷ്മി**

**സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ നമ്പർചാർട്ട് വിഭാഗത്തിൽ എ ഗ്രേഡ് ലഭിച്ച**



**ശ്രീവൈഷ്ണവ്**

**സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ ഗെയിംസ് വിഭാഗത്തിൽ എ ഗ്രേഡ് ലഭിച്ച**

# ബോക്സിങ്




**സംസ്ഥാനബോക്സിങ്ചാമ്പ്യൻഷിപ് വിജയി മുഹ്സിൻ**



# എൻ സി സി



**സുധീർ.പി**
**എൻ സി സി ഓഫീസർ**



# കല്ലടി ഹയർ സെക്കന്ററി സ്കൂൾ 2018-19

## ഡോക്യുമെന്റേഷൻ

### പരിസ്ഥിതി ദിനം :

പരിസ്ഥിതിദിന കവിതകൾ അസംബ്ലിയിൽ അവതരിപ്പിച്ചു.
പരിസ്ഥിതി ബോധവൽക്കരണ സന്ദേശം ഗോപിക ഹരി [8 E]
വിത്തുപേന വിതരണം
വൃക്ഷത്തൈ നടൽ
പരിസ്ഥിതി ദിന ക്വിസ്
പോസ്റ്റർ രചനാ മത്സരം




### വിദ്യാരംഗം കലാസാഹിത്യവേദി :

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വായനാവാരത്തോടനുബന്ധിച്ച് നടത്തിയ വിവിധ പരിപാടികൾ....
വായനാദിന സന്ദേശം - നൗഷാദ് മാസ്റ്റർ, ജിഷ്ണു [8 F]
പുസ്തകം പരിചയപ്പെടുത്തൽ - ഹരിത [8 F]
വായനാദിന ക്വിസ് മത്സരം
'കാവ്യമരം' -വായനാ വാരത്തോടനുബന്ധിച്ച് കാവ്യമരം യുവ കഥാകാരിയും, ഗായികയുമായ സാന്ദ്ര എസ് വാര്യർ ഉദ്ഘാടനം ചെയ്തു.




## ബഷീർ ദിനം
'പാത്തുമ്മയുടെ ആട് ' ലെ ഒരു ഭാഗം അസംബ്ലിയിൽ അവതരിപ്പിച്ചു.

## ഹിന്ദി ക്ലബ്ബ്
ജൂലൈ 31 പ്രേം ചന്ദ് ദിനം
സ്കൂൾ ഹാളിൽ വെച്ച് പ്രേം ചന്ദ് ദിനം ആഘോഷിച്ചു. സമാചാർ പത്ര് പ്രകാശനം നടത്തി.
സെപ്റ്റംബർ 5
അധ്യാപകദിനത്തിൽ കുട്ടികൾ അധ്യാപകരായി ഹിന്ദി ക്ലാസ്സുകൾ എടുത്തു.
സെപ്റ്റംബർ 14
ഹിന്ദി ദിനത്തിന്റ ഭാഗമായി ഹിന്ദിയുടെ പ്രാധാന്യത്തെപ്പറ്റി ജുബിന റസാക്ക് [8A] സംസാരിച്ചു.

## സയൻസ് ക്ലബ്ബ്
ജൂൺ 26
ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ബോധവൽക്കരണവും പ്രതിജ്ഞയും എടുത്തു.
സെപ്റ്റംബർ 16
ഓസോൺ ദിനത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി.



## സോഷ്യൽ സയൻസ് ക്ലബ്ബ്
ഹിരോഷിമ നാഗസാക്കി ദിനം
യുദ്ധവിരുദ്ധ റാലി, യുദ്ധവിരുദ്ധ പോസ്റ്റർ മത്സരം എന്നിവ സംഘടിപ്പിച്ചു.
ഒക്ടോബർ 2
ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് NCC, Scout & Guides, Red Cross എന്നീ വിഭാഗങ്ങളിലെ കുട്ടികൾ സ്കൂളും പരിസരവും ശുചീകരിച്ചു.
വിദ്യാരംഗം സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഗാന്ധി അനുസ്മരണ പ്രസംഗം നടത്തി.



## ENGLISH CLUB:
21st July : Chandrayaan day
9th J students conducted an assembly in English.
5th September
8 F students conducted an assembly in English. They also presented a Skit.
5th October
National role play competition of district level. They attained third place.

## MATHS CLUB:

മണ്ണാർക്കാട് സബ്ജില്ലാ ഗണിതമേളയിൽ 95 പോയന്റ് നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ജില്ലാ ഗണിതമേളയിൽ 50 പോയന്റ് നേടി മികച്ച മൂന്നാമത്തെ സ്കൂളായി.

സംസ്ഥാന ഗണിതമേളയിൽ ആരതി ലക്ഷ്മി, ശ്രീവൈഷ്ണവ് എന്നിവർ A ഗ്രേഡ് കരസ്ഥമാക്കി.



## സംസ്കൃതം ക്ലബ്ബ്

മണ്ണാർക്കാട് സബ്ജില്ലാ കലോത്സവത്തിൽ ആറാം തവണയും ഒന്നാം സ്ഥാനം നിലനിർത്തി. ജില്ലയിൽ മത്സരിച്ച ഇനങ്ങൾക്ക് A ഗ്രേഡ് നേടി.



## അലിഫ് അറബിക് ക്ലബ്ബ്

മെഗാക്വിസ്സ് സംഘടിപ്പിച്ചു. ക്ലബ്ബ് ഉദ്ഘാടനം അലനല്ലൂർ റസാഖ് നിർവ്വഹിച്ചു.

## സാഹിത്യവേദി

നവംബർ 1 കേരളപ്പിറവി :

സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചന, ഉപന്യാസം, നൃത്തശിൽപം, നാടൻപാട്ട് എന്നിവ സംഘടിപ്പിച്ചു.

## ജൂനിയർറെഡ്ക്രോസ്

സൗജന്യ കണ്ണ് പരിശോധന ക്യാമ്പ് :

JRC യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ശിശുദിനത്തിൽ എല്ലാ കുട്ടികൾക്കും സൗജന്യ കണ്ണ് പരിശോധന ക്യാമ്പ് നടത്തി.

റോഡ് സുരക്ഷാ വാരാചരണവുമായി ബന്ധപ്പെട്ട് JRC റോഡ്സുരക്ഷാ ബോധവൽക്കരണം നടത്തി.



## സംസ്ഥാന കായികമേള :

സംസ്ഥാനതലത്തിൽ രണ്ടാമത്തെ മികച്ച സ്കൂൾ





തയ്യാറാക്കിയത്: നീന ടീച്ചർ

# ഒഴുകുന്ന ഓർമകൾ



ശ്രീനന്ദ

എവിടെയോ മെല്ലെ തങ്ങിക്കിടക്കും
നീല നിലാവിലോ തിളങ്ങി നിൽക്കും
ഒഴുകുന്ന പുഴ പോലെ പെയ്യുന്ന മഴപോലെ
ഇന്നുമെൻ മനസ്സിന്റെ ഉൾക്കോണിലെ വിടെയോ
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓരോ പ്രദോഷവും നീട്ടുന്ന സന്ധ്യതൻ
മിഴിയിലെ ചൊരിയുന്ന ഭദ്രദീപം
ഹിമയും പ്രഭാതവും നൽകുന്നസപ്തവർണങ്ങൾ തൻ,
ശോഭയേറെക്കൂടെക്കളിച്ചൊരാകൂട്ടുകാരും,
പാടി പടിച്ചൊരാ പാട്ടുകളും,
ആടിത്തിമിർത്തൊരാത്രുഞ്ഞാലുമിന്നെന്റെ
മങ്ങുന്ന ഓർതൻ ബാക്കി പത്രം
മറയുന്ന എവിടെയോ,മുരളുന്ന വീണ്ടുമെൻ
കേൾക്കാത്ത രാഗത്തിൻ ഈരടികൾ

# തിര



**അതുല്യ**

കടലിന്റെ മടിത്തട്ടിൽ നിന്നൊരു
കൊഞ്ചൽ കേട്ടു ഞാൻ
ഒഴുകിപ്പുണരുന്ന തിരതൻ ആലാപനം
പിരിയുന്ന തിരയോടു മെല്ലെച്ചിണുങ്ങുവാൻ
തിരയോ കാത്തിരിക്കുന്നതാകാം
വെള്ളിക്കൊലുസിന്റെ കിലുക്കത്തിൽ മെല്ലെ ഞാൻ
അറിയാതെ തന്നെ ലയിച്ചുപോയി
മറയുന്ന സൂര്യനും വിടപറഞ്ഞീടപ്പോൾ
പകലിന്റെ സുന്ദര വർണങ്ങളോടായ്
ഏറെ തിരഞ്ഞു ഞാൻ എന്നെ വീണ്ടും
നാളത്തെ സൂര്യനെ കാണുവാനായി
ചന്ദ്രൻ എത്തിനോക്കി
പിന്നെയും കണ്ടു ഞാൻ നരയുന്ന തിരതൻ രൂപഭംഗി
അലയുന്ന മനസ്സിലെ ഉലയുന്ന കാറ്റിലെ
തിരകൾക്കു പിന്നെയോ ശക്തിയേറി



# നന്ദിയോടെ
# കല്ലടി
# ലിറ്റിൽകൈറ്റ്സ്
# ടീം............


REDMI NOTE 5 PRO
MI DUAL CAMERA